**Scene - 1**
**INT. CLASSROOM - DAY**

ഒരു എൻജിനിയറിങ് കോളേജ് ക്ലാസ് മുറി. ഉച്ചയ്ക്ക് ശേഷമുള്ള ഒരു ഇൻറർവെൽ സമയം. ക്ലാസ്സിലൂടെ വിദ്യാർധികൾ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നുണ്ട്.

അല്പം പുറകിലായി ഒരു കൂട്ടം വിദ്യാർധികൾ വട്ടംകൂടിയിരിക്കുന്നു. അവർ ആറ് പേരുണ്ട്. നാല് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും. വളരെ പ്രധാനപ്പെട്ട എന്തോ ചർച്ചയിലാണ് അവർ എന്ന് അവരുടെ ശരീരഭാഷയിൽ നിന്നും വ്യക്തം.

അതിൽ ഒരു പെൺകുട്ടി കരയുന്നുണ്ട്. മറ്റൊരു പെൺകുട്ടിയുടെ മുഖത്ത് അടികൊണ്ട പാടും ഉണ്ട്. ബാക്കി എല്ലാവരുടെയും മുഖത്തു നല്ല ദേഷ്യം ഉണ്ട്.

വെളുത്ത് മെലിഞ്ഞ ശരീരമുള്ള ഷോൺ ഫെർണാണ്ടസ്. ആളെ കണ്ടാലെ അറിയാം ഒന്നു തൊട്ടാൽ മതി അവൻ മറിഞ്ഞു വീഴാൻ എന്ന്. ഷോണിൻറെ അടുത്ത് ഇരിക്കുന്നത് ആനന്ദ് ശങ്കർ.. ആനന്ദ് അൽപ്പം gym body ഒക്കെയാണ്, ആവശ്യത്തിനു ശരീരവും സൌന്ദര്യവും ഉള്ള ഒരാൾ. കൂടെയുള്ളത് ജിതിൻ ജോൺസൺ, കൂട്ടത്തിൽ ഒരു സമാധാനപ്രിയൻ. അവൻറെ കഴുത്തിൽ ഒരു വലിയ മുത്തുകളുള്ള കൊന്തയുണ്ട്.
പിന്നെയുള്ള ഒരാൾ ആണ് നമ്മുടെ നായക കഥാപാത്രം ഷെമിൻ ബെക്കർ. ആ കൂട്ടത്തിൽ കുറച്ചു കൂടുതൽ ചങ്കുറ്റമുള്ളവൻ.

കരയുന്ന പെൺകുട്ടി കല്ല്യാണി. ആർക്കും പെട്ടെന്നു ആകർഷണം തോന്നുന്ന ശരീരവടിവുള്ള കുട്ടി. Skin Tone ഉം വളരെ ആകർഷണീയം തന്നെ. മുഖത്ത് അടി കിട്ടിയതു ശിൽപ്പ. ശിൽപ്പ ഇവരുടെ classmate അല്ല, സീനിയർ ആണ്. ഇവരുടെ വിഷമത്തിന് കാരണക്കാരായ കൂട്ടരുടെ, അതായത് നമ്മുടെ കഥയിലെ വില്ലൻമാരുടെ classmate.

ഷോൺ പെട്ടെന്ന് ഡെസ്കിൽ അടിച്ചു ചാടി എഴുന്നേൽക്കുന്നു. ഇത് കണ്ട് എല്ലാവരും ഞെട്ടി അവനെ നോക്കുന്നു.

ഷോൺ
ഇതൊക്കെ കേട്ടട്ട് എനിക്ക് തലപൊളിയണ്.
(ഷെമിനെ നോക്കി)
ടാ ഷെമിനെ വാടാ.. അവന്മാർടെ തലപൊളിക്കാ.. വാ..

ആനന്ദ്
(ഷോണിനോട്)
ഷോനേ.. നീ ഷോ എറക്കാണ്ട് ഇവിടിരുന്നേ. വെറുതെ ചാടിക്കേറി ചെന്നിട്ട് കാര്യൊന്നല്ല. നിനക്കു അവന്മാർടെ റേഞ്ച് അറിയാഞ്ഞിട്ടാ.

INTER CUT
**EXT. College Ground - DAY**

വില്ലൻ ഗ്യാങ്ങിൻറെ ആഭാസത്തരങ്ങളും അഭ്യാസങ്ങളും.

-cut to -

**Scene 1A**
**INT. CLASSROOM - DAY**

ആനന്ദ് (CONTD)
ഇത് നിൻറെ അങ്കമാലിയൊന്നുമല്ല. അവർടെ നാടാ.

ഷോൺ
അതിന്... മോനേ ആനന്ദേ.. അതക്കെ ഈ ക്യാംപസ്സിന് പൊറത്ത്. കല്ല്യാണി അടക്കം നമക്ക് എല്ലാർക്കും ഇവിടെ പഠിക്കണം. അത് അവന്മാരെ തല്ലിയിട്ടാണെങ്കി അങ്ങനെ. നിനക്ക് പടിക്കണ്ടെങ്കി നീ കോഴ്സ് നിർത്തി escape അടിച്ചോ. ഞാൻ അവന്മാരെ അടിക്കും.. എന്തേ...

-cut to-

INTER CUT
**EXT. College Ground - DAY**

അടികൊണ്ട് വീഴുന്ന ഷോൺ.

-cut to-

**Scene 1B**
**INT. CLASSROOM - DAY**

ഷോണിൻറെ വർത്തമാനത്തിൽ ആവേശം കയറിയ ജിതിൻ ഷോണിനെ പിന്തുണക്കുന്നു.

ആനന്ദ്
അവൻ പറഞ്ഞത് ശെരിയല്ലേ. നമ്മളിപ്പോ juniors ഒന്നുമല്ലല്ലോ. രണ്ട് വർഷായില്ലേ കല്യാണിയിത് സഹിക്കുന്നു. ഇന്നിപ്പോ അതും കടന്നില്ലേ.
(ശിൽപ്പയുടെ നേരെ കൈ ചൂണ്ടിയിട്ട്)
ചോദിക്കാൻ ചെന്ന ശിൽപ്പ ചേച്ചിയേ അവൻമാരു തല്ലി. ഒന്നില്ലെങ്കിലും ചേച്ചിയവരുടെ classmate അല്ലേ.

-cut to-

INTER CUT
**EXT. College Ground - DAY**

കല്ല്യാണിയോട് അപമര്യാതയിൽ പെരുമാറുന്ന വില്ലൻ ഗ്യാങ്. അവരെ ചോദ്യം ചെയ്യുന്ന ശിൽപ. ശിൽപയെ ഗ്യാങ് ലീഡർ കരണത്തു അടിക്കുന്നു. അടികൊണ്ട് ബോധക്ഷയയായി താഴെ വീഴുന്ന ശിൽപ. ഇത് കണ്ടു സ്ഥലം വിടുന്ന വില്ലൻ ഗ്യാങ്. ഓടിയെത്തുന്ന ഷെമിനും കൂട്ടരും. ശിൽപയെ വിളിച്ചുണർത്താൻ ശ്രമിക്കുന്നു.

-cut to-

**Scene 1C**
**INT. CLASSROOM - DAY**

ഇതൊക്കെ കേട്ട് വീണ്ടും ദേഷ്യം കേറുന്ന ഷോൺ

ഷോൺ
നിങ്ങള് വന്നണ്ടാ ? അവന്മാരിപ്പോ ആ devils corner ല് കാണും. ഇപ്പോ പോയാ എല്ലാത്തിനെം ഒരുമിച്ച് കിട്ടും.

ചെറിയ മടിയോടെ ആണെങ്കിലും എഴുന്നേൽക്കുന്ന ആനന്ദ്. ആനന്ദിനെ സംശയത്തോടെ നോക്കുന്ന ജിതിൻ. ജിതിനും ഷെമിനും പരസ്പരം നോക്കുന്നു. ഈ സമയം....

കല്ല്യാണി
വേണ്ടാ.. ആരും എങ്ങും പോവണ്ടാ. അവൻറെയൊക്കെ പ്രശ്നം എൻറെയീ ശരീരല്ലേ. ഇന്നത്തോടെ ഞാനീ പ്രശ്നം തീർത്തുകൊടുക്കാം.

കല്ല്യാണി കരയുന്നു.

ഷെമിൻ
ഏയ്.. എടീ പൊട്ടി.. നീ വേണ്ടാത്തതൊന്നും പറയണ്ട.

ആനന്ദ്
നീയല്ലെങ്കി വേറൊരുത്തിയെ.. അവൻമാർക്ക് അത്രേ ഒള്ളൂ.

കല്ല്യാണി
ഇല്ലടാ അവൻമാർക്ക് എന്നെയാണ് വേണ്ടത്.

ഷെമിൻ
അത് നിൻറെ തോന്നലാ. (ശോണിനെ  നോക്കി) അവൻമാർക്കിട്ട് പണിയാൻ എനിക്കും തോന്നിട്ടുണ്ട്.

ആനന്ദ്
നീയിവടെ കലിപ്പും കടിച്ചു പിടിച്ച് ഇരുന്നാ മതി. (ഷോനിനെ കൈ ചൂണ്ടി) ഇവനെത്ര പറഞ്ഞതാ അവന്മാരെ കേറി പണിയാന്ന്. ഇനി... ആരും വന്നില്ലെങ്കി വേണ്ട ഞാൻ ഒറ്റയ്ക്ക് പോയി തീർത്തോളാം.

INTER CUT
**EXT. College Ground - DAY**

അടികൊണ്ട് വീഴുന്ന ആനന്ദ്. ആനന്ദിനെ അടുത്ത് ചെന്ന് എഴുന്നേൽപ്പിക്കാൻ നോക്കുന്ന ഇടികൊണ്ടു അവശതയായ ഷോൺ.

-cut to-

**Scene 1D**
**INT. CLASSROOM - DAY**

ആനന്ദിൻറെ ആവേശം കണ്ട് എഴുന്നേറ്റ് ആനന്ദിനെ പിടിച്ച് നിർത്തി,

ജിതിൻ
നീയിവിടിരുന്നേ. നമുക്കിത് HOD നേം കൂട്ടി പ്രിൻസിയെ കണ്ടു സംസാരിക്കാം.
(കല്ല്യാണിയെ നോക്കി)
ങേ..

കല്ല്യാണി രൂക്ഷമായി ജിതിനെ നോക്കുന്നു, എന്നിട്ട് പുച്ഛിച്ച് ചിരിക്കുന്നു.

ഷോൺ

ഒന്നു പോയെടാ ജിതിനെ. നിനക്ക് പേടിയാണെങ്കി നീ വരണ്ടാ.

ശിൽപ
പ്രിൻസിയൊരു കോപ്പും ഉണ്ടാക്കാൻ പോണില്ല. കൊടുക്കുവാണെൽ അവൻ പറഞ്ഞപോലെ നമ്മൾ തന്നെ കൊടുക്കണം.

ഷെമിൻ
അതെ.. കൊടുക്കണം.

ഇതുകേട്ട ആനന്ദിൻറെയും ശോണിൻറെയും ആവേശം കേറിയ reactions..

അൽപം ഞെട്ടലോടെ ജിതിൻ

INTER CUT
**EXT. College Ground - DAY**

അടികൊണ്ട് വീഴുന്ന ജിതിൻ

-cut to-

**Scene 1E**
**INT. CLASSROOM - DAY**

കല്ല്യാണി
(കരഞ്ഞുകൊണ്ട്)
റാഗിങ് എന്നുംപറഞ്ഞു ഇവൻമാരൊക്കെ എന്തൊക്കെയാ എന്നോടു ചെയ്യുന്നെന്ന് നിങ്ങക്കറിയാഞ്ഞിട്ടാ.
(തല കുമ്പിട്ട് ദീർഘനിശ്വാസത്തിനു ശേഷം)
എനിക്കെൻറെ അമ്മ മാത്രേ ഒള്ളു. എൻറെയീ അവസ്ഥ...... ഞാൻ എങ്ങനെ... (ശബ്ദം ഇടറുന്നു)

കല്ല്യാണിയെ നോക്കുന്ന ഷെമിൻ. ഷെമീനു ദേഷ്യം കേറുന്നു. ഡെസ്കിൽ വലിയ ശക്തിയിൽ ആഞ്ഞടിച്ച് അവൻ എഴുന്നേൽക്കുന്നു.

ഷെമിൻ
(ആനന്ദിനെ നോക്കി)
വാടാ....

അവർ തിരിഞ്ഞു നടക്കുമ്പോൾ ജിതിൻ അവരെ തടയാൻ നോക്കുന്നു.

ജിതിൻ
എടാ.. നീ.. !
(ദീർഘനിശ്വാസം)
അവന്മാരോന്നും നമ്മൾ കൂട്ടിയാ കൂടൂല്ല.

പെട്ടെന്ന് എല്ലാവരേയും ഞെട്ടിച്ചുകൊണ്ട് ശിൽപയുടെ മറുപടി.

ശിൽപ
കൂടും...

ജിതിൻറെ മുഖം മാറുന്നു. ജിതിനും ആവേശം കേറുന്നു. മറ്റുള്ളവരും ശിൽപയുടെ മറുപടിയിൽ ആവേശത്തിൽ ആവുന്നു.

**Scene 3**
**EXT. College Ground - DAY**

ചുറ്റും വീണുകിടക്കുന്ന ഷെമിനും കൂട്ടരും. അവരെ നോക്കി കളിയാക്കി ചിരിക്കുന്ന വില്ലൻ സംഘം.

അവരുടെ ഇടയിലേക്ക് നടന്നു വരുന്ന ശിൽപയും കൂടെ മൂന്ന് പെൺകുട്ടികളും.

FIGHT